# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:05.11.2025**

### പ്രധാനവാർത്തകൾ

1. കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം നടപ്പാക്കുന്നത് നിയമപരമായി ചോദ്യം ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ തീരുമാനം

2. തദ്ദേശതിരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ

3. അഴിമതിരഹിതവും ജനപക്ഷപരവുമായ ഭരണസംവിധാനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ .

4. നിർമ്മിത ബുദ്ധിയുടെ സുരക്ഷിതവും, ഉത്തരവാദിത്തപരവുമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക ലക്ഷ്യമിട്ടുള്ള ഇന്ത്യ എഐ ഗവേണൻസ് മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഐടി മന്ത്രാലയം പുറത്തിറക്കി.

5. ശബരിമല സ്വർണ്ണപ്പാളി അപഹരണ കേസിൽ ശാസ്ത്രീയ അന്വേഷണം വേണമെന്ന് കേരള ഹൈക്കോടതി. വിഷയത്തിൽ ഏത് അന്വേഷണത്തേയും സ്വാഗതം ചെയ്യുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ്

RNU TVPM

6. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്.

*******************

## <u>സർവ്വകക്ഷിയോഗം</u>

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കുന്നത് നിയമപരമായി ചോദ്യം ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ തീരുമാനം. യോഗത്തിൽ പങ്കെടുത്ത ബിജെപി ഒഴികെയുള്ള കക്ഷികൾ സർക്കാർ തീരുമാനത്തെ പൂർണമായും പിന്തുണച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ എസ്ഐആർ ചോദ്യം ചെയ്യാനുള്ള നിയമോപദേശം തേടുമെന്നും മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് പുതുക്കിയ വോട്ടർപട്ടിക നിലവിലിരിക്കെ 2002ലെ പട്ടിക അടിസ്ഥാനമാക്കി തീവ്രവോട്ടർ പട്ടിക പരിഷ്ക്കരണം നടപ്പാക്കാനുള്ള നീക്കം അശാസ്ത്രീയമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

*******************

## <u>തിരഞ്ഞെടുപ്പ് കമ്മീഷണർ(ഇൻട്രോ)</u>

തദ്ദേശതിരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കാൻ ജില്ലാകളക്ടർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ നിർദ്ദേശം നൽകി. ചീഫ് ഇലക്ടറൽ ഓഫീസർ ഡോ.രത്തൻ. യു.ഖേൽക്കറുടെ സാന്നിധ്യത്തിൽ വിളിച്ചു ചേർത്ത ജില്ലാകളക്ടർമാരുടെ ഓൺലൈൻ യോഗത്തിലാണ് കമ്മീഷണറുടെ നിർദ്ദേശം. വിശദാംശങ്ങളിലേക്ക്................

തദ്ദേശപൊതുതിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് തടസ്സവുമുണ്ടാകാത്ത രീതിയിൽ തീവ്രവോട്ടർപട്ടിക പരിഷ്ക്കരണ പ്രവർത്തനങ്ങൾ നടത്തണമെന്നും ജില്ലാകളക്ടർമാരോട്

ആവശ്യപ്പെട്ടു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ട വിഭാഗം ജീവനക്കാരെ ഒഴിവാക്കി , മറ്റ് ജീവനക്കാരെ ജില്ലാകളക്ടർമാർക്ക് ബി.എൽ.ഒ മാരായി നിയമിക്കുന്നതിന് തടസ്സമൊന്നുമില്ലെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ യോഗത്തിൽ പറഞ്ഞു. രണ്ട് പ്രക്രിയകളും തടസ്സം കൂടാതെ നടത്താനാവശ്യമായ ക്രമീകരണങ്ങൾ ജില്ലാതലത്തിൽ സ്വീകരിക്കുമെന്ന് കളക്ടർമാർ യോഗത്തിൽ അറിയിച്ചു.
ന്യൂസ് ഡെസ്ക് ആകാശവാണി.

*******************

## മുഖ്യമന്ത്രി -വിജിലൻസ്

അഴിമതിരഹിതവും ജനപക്ഷപരവുമായ ഭരണസംവിധാനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . തിരുവനന്തപുരത്ത് വിവിധ വകുപ്പുകളിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ വാർഷിക സമ്മേളനം ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അഴിമതിക്കാരെ സംരക്ഷിക്കുന്ന നിലപാട് ഭരണത്തലത്തിലില്ലെന്നും അദ്ദേഹം വ്യക്തമാക്കി. വിജിലൻസ് ഉദ്യോഗസ്ഥർക്കുള്ള ബാഡ്ജ് ഓഫ് ഓണർ വിതരണവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

RNUTVPM

*******************

## മന്ത്രിസഭായോഗം (ഇൻട്രോ)

ആരോഗ്യവകുപ്പിലെ വിവിധ ആശുപത്രികളിൽ 202 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കും. ഇന്ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗത്തിലാണ് തീരുമാനം.
ഒരു റിപ്പോർട്ട്
(വോയ്സ്)
കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകളിലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രി സഭാ യോഗത്തിൽ തീരുമാനമായി. ഗുജറാത്തിൽ നടന്ന 36-ാമത് ദേശീയ ഗെയിംസിൽ ഫെൻസിംഗിൽ സ്വർണ്ണം നേടിയ അവതി രാധികാ പ്രകാശിന് മൂന്നും, സ്വിമ്മിംഗിൽ വെള്ളി നേടിയ ഷിബിൻ

ലാൽ.എസ്.എസ്-ന് രണ്ടും അഡ്വാൻസ് ഇൻക്രിമെൻ്റ് അനുവദിക്കും.സംസ്ഥാനത്ത് നടക്കുന്ന ഡിജിറ്റൽ റീ സർവ്വേ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ 2026 മാർച്ച് 31 വരെയുള്ള ചെലവുകൾക്കായി 50 കോടി രൂപ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഫണ്ടിൽ നിന്നും അനുവദിക്കും. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ പുനഃസംഘടിപ്പിച്ചു. അഴീക്കൽ തുമറമുഖ വികസനത്തിനായി ഡി.പി.ആറിനും സാമ്പത്തിക ഘടന റിപ്പോർട്ടിനും അംഗീകാരം നൽകിയ 22-08-2024 ഉത്തരവിലെ നിബന്ധനകൾ ധന വകുപ്പിൻറെ അനുമതിക്ക് വിധേയമായി ഭേദഗതി ചെയ്യും. ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് രണ്ട് ഏക്കർ ഭൂമി, തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് കെഎസ്എഫ്ഡിസിക്ക് പാട്ടത്തിന് നൽകാനും മന്ത്രിയഭ അംഗീകാരം നല്കി.

ന്യൂസ് ഡെസ്ക് ആകാശവാണി.

*******************

## തീവ്ര വോട്ടർപട്ടിക

തീവ്ര വോട്ടർപട്ടിക പരിഷ്കരണങ്ങളുടെ ഭാഗമായി എന്യൂമറേഷൻ ഫോം വിതരണം പുരോഗമിക്കുന്നു. കേരളത്തിൽ ഇന്നലെ രാത്രി എട്ടു മണി വരെയുള്ള കണക്കു പ്രകാരം രണ്ട് ലക്ഷത്തി 7,528 പേർക്കാണ് എന്യൂമറേഷൻ ഫോം വിതരണം ചെയ്തത്. ഡിസംബർ 9-ന് കരട് വോട്ടർ പട്ടികയും 2026 ഫെബ്രുവരി 7 ന് അന്തിമ വോട്ടർ പട്ടികയും പ്രസിദ്ധീകരിക്കും.

*******************

## എഐ ഗവേണൻസ്

നിർമ്മിത ബുദ്ധിയുടെ സുരക്ഷിതവും, ഉത്തരവാദിത്തപരവുമായ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഇന്ത്യ എഐ ഗവേണൻസ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി കേന്ദ്ര ഐടി മന്ത്രാലയം. മന്ത്രാലയ സെക്രട്ടറി എസ്. കൃഷ്ണന്റെ സാന്നിധ്യത്തിൽ കേന്ദ്രസർക്കാരിന്റെ ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫ. അജയ് കുമാർ സൂദാണ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയത്.

PNUTVPM

നിർമ്മിതബുദ്ധിയുടെ നിയന്ത്രിത ഉപയോഗം പ്രോത്സാഹിപ്പിക്കുകയും സുതാര്യമായ എഐ പരീക്ഷണാന്തരീക്ഷം ഒരുക്കുകയുമാണ് മാർഗനിർദേശങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് ശ്രീ അജയ് സൂദ് പറഞ്ഞു. ഇന്ത്യ എഐ ഹാക്കത്തോണിന്റെ വിജയികളെയും ചടങ്ങിൽ പ്രഖ്യാപിച്ചു.

*******************

## വോട്ടർ പട്ടിക

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാനുള്ള സമയപരിധി അവസാനിച്ചു. കഴിഞ്ഞ മാസം 25 ന് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവർക്കായിരുന്നു പട്ടികയിൽ പേര് ചേർക്കാൻ അവസരം. അതേസമയം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധ്യക്ഷസ്ഥാനങ്ങളുടെ സംവരണം സംബന്ധിച്ച വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പുറപ്പെടുവിച്ചു.

RNU TVPM

*******************

## ബിഹാർ ഇലക്ഷൻ

ബിഹാറിൽ ഒന്നാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. 18 ജില്ലകളിലെ 121 നിയോജകമണ്ഡലങ്ങളിലാണ് നാളെ ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കുന്നത്. രണ്ടാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് ഈ മാസം 11 നു നടക്കും. ഈ മാസം 14 നാണ് വോട്ടെണ്ണൽ .

*******************

## ശബരിമല സ്വർണ്ണപ്പാളി-ഹൈക്കോടതി

ശബരിമല സ്വർണ്ണപ്പാളി അപഹരണ കേസിൽ ശാസ്ത്രീയ അന്വേഷണം വേണമെന്ന് കേരള ഹൈക്കോടതി. കൂടാതെ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടെ പങ്കുമായി ബന്ധപ്പെട്ട് 1980 ലെ അഴിമതി നിരോധന നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോ എന്ന്

പരിശോധിക്കാനും പ്രത്യേക അന്വേഷണ സംഘത്തോട് കോടതി നിർദ്ദേശിച്ചു.
സ്വർണ്ണത്തിന്റെ യഥാർത്ഥ നഷ്ടം നിർണ്ണയിക്കാൻ ദ്വാരപാലക വിഗ്രഹ തകിടുകൾ, വശങ്ങളിലെ വാതിലുകൾ, തുടങ്ങിയവയുടെ തൂക്കവും സാമ്പിളും ശാസ്ത്രീയമായി നിർണയിക്കാനും കോടതി പ്രത്യേക അന്വേഷണസംഘത്തിന് നിർദ്ദേശം നൽകി.
ഇക്കാര്യത്തിൽ ഏത് അന്വേഷണത്തേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വാഗതം ചെയ്യുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് വാർത്താക്കുറിപ്പിൽ അറിയിച്ചു

*******************

## <u>അമീബിക് മസ്തിഷ്ക ജ്വരം (ഇൻട്രോ)</u>

തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. കഴിഞ്ഞ മാസം മാത്രം സംസ്ഥാനത്ത് 65 പേർക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിക്കുകയും 12 പേരാണ് മരിച്ചത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

*******************

## <u>രാജ്ഭവൻ</u>

കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ് ചാൻസലറെ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് രാജ്ഭവൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോം രാജ്ഭവൻ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ അഞ്ചാണ്.
അതേസമയം,സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളിൽ രാജ്ഭവൻ വിജ്ഞാപനം ഇറക്കിയത് തെറ്റാണെന്ന് മന്ത്രി ആർ ബിന്ദു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*******************

RNU TVPM

## ഹരിത കുപ്പി കുടിവെള്ളം (ഇൻട്രോ)

ദക്ഷിണേന്ത്യയിൽ ആദ്യമായി സർക്കാർ തലത്തിൽ ഹരിത കുപ്പികളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന കമ്പനിയായി ഹില്ലി അക്വ. നിലവിലെ പ്ലാസ്റ്റിക് കുപ്പികൾക്ക് പകരമായാണ് പോളി ലാക്ടിക് ആസിഡ് (പി.എൽ.എ) കുപ്പികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

*******************

## ബാലാവകാശ കമ്മിഷൻ

കുട്ടികളുടെ അവകാശങ്ങൾക്ക് മുൻതൂക്കം നൽകിയാവണം ശിശു സംരക്ഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതെന്ന് സംസ്ഥാന ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ . ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ മേലധികാരികൾക്കുള്ള ഏകദിന പരിശീലനം തിരുവനന്തപുരത്തു ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംരക്ഷണ സ്ഥാപനങ്ങളിൽ എത്തുന്ന കുട്ടികളിലെ കഴിവുകൾ കണ്ടെത്തി മികച്ച രീതിയിൽ അവരെ വളർത്തിയെടുക്കാനായി വ്യക്തിഗത പരിപാലന പദ്ധതി തയ്യാറക്കണമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

*******************

## കള്ളക്കടൽ

തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഇന്ന് രാത്രി 11.30 വരെ തിരുവനന്തപുരം , കൊല്ലം , കോഴിക്കോട് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*******************

## ഉജ്ജ്വലബാല്യം

വ്യത്യസ്ത മേഖലകളിൽ അനിതര സാധാരണമായ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനും, പ്രചോദനം നൽകുന്നതിനുമായി സംസ്ഥാന തലത്തിൽ വനിത ശിശു വികസന വകുപ്പ് നൽകുന്ന 'ഉജ്ജ്വലബാല്യം പുരസ്കാരം പ്രഖ്യാപിച്ച് മന്ത്രി വീണാ ജോർജ്. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടി മേഖല, കൃഷി തുടങ്ങിയ മേഖലകളെയും, ഭിന്നശേഷി കുട്ടികളെയും കൂടി പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തിയാണ് പുരസ്കാരം നൽകുന്നത്. 14 ജില്ലകളിൽ നിന്നുമായി 2024ലെ ഉജ്ജ്വലബാല്യം പുരസ്കാരത്തിനായി 51 കുട്ടികളെ ആണ് തിരഞ്ഞെടുത്തിട്ടുള്ളത്.

*******************

***********

*******

RNU TVPM